**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **പട്ടികജാതി വിഭാഗം**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനായി ഓൺലൈൻ സംവിധാനം (T-grants) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വകുപ്പുമന്ത്രിക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്<br><br>**പട്ടികവർഗ്ഗ വിഭാഗം**<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിലുള്ള അപേക്ഷയോടൊപ്പം അപേക്ഷകന്റെ/<br><br>അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പ്, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസ്സൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം എന്നിവ ഹാജരാക്കേണ്ടതാണ്. ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപയും, ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി 1 ലക്ഷം രൂപ വരെയും അനുവദിച്ചു നൽകാറുണ്ട്. മറ്റ് |

| | | | |
|---|---|---|---|
| | | | രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായം ഓൺലൈൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ചികിത്സാ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ വിതരണം ചെയ്തുവരുന്നു. |
| (സി) | കുട്ടികളിൽ കേൾവി കുറവ് പരിഹരിക്കാൻ കോക്ലിയർ ഇംപ്ലാന്റ് ചെയ്തവരുടെ മെഷീനിന്റെ പരിപാലനത്തിന് ഭാരിച്ച ചെലവ് വരുന്നതിനാൽ അതിനുള്ള ധനസഹായം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിനായി പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കാറുണ്ട്. എന്നാൽ കോക്ലിയർ മെഷിനിന്റെ പരിപാലനത്തിനായി പ്രത്യേകം തുക അനുവദിക്കുന്നില്ല. ആയത് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ